Sahyanadham
Annual Subscription Rs. 200.00
Date of Publication: 01/06/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



NEWLY CONSECRATED
ST.MARY'S CHURCH KALLUPALAM

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 15
ജൂൺ 2018
ലക്കം 6






മോൺ. ജോസ് പ്ലാച്ചിക്കൽ
പ്രോട്ടോ സിഞ്ചെല്ലൂസ്
മോൺ. അബ്രാഹം പുറയാറ്റ്
സിഞ്ചെല്ലൂസ്
ആശംസകൾ..

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 15
Issue No. : 6
Month : June 2018





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Joseph Parackal**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോക മാധ്യമദിന സന്ദേശം | 05 |
| രൂപതക്കച്ചേരി | 15 |
| ക്രിസ്തുജ്യോതി | 25 |
| വിദ്യാഭ്യാസം | 32 |
| സാമൂഹ്യസേവനം | 36 |
| തിരുബാലസഖ്യം | 40 |
| കെ.സി.എസ്.എൽ. | 41 |
| ചെറുപുഷ്പ മിഷൻലീഗ് | 42 |
| കെ.സി.വൈ.എം. | 43 |
| മദ്യവിരുദ്ധ സമിതി | 44 |
| മാതൃവേദി | 45 |
| ഡി.സി.എം.എസ്. | 46 |
| ആത്മജ്യോതിയിലെ പരിപാടികൾ | 46 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 47 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 50 |


*"There is no freedom greater than letting yourself be guided by the Holy Spirit and allowing Him to lead you wherever He wishes."*

*Pope Francis, Tweet, 14-05-2018*

## ഓർമ്മിക്കാൻ

**ജൂൺ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ**

| | | |
|---|---|---|
| 01 | : | വി. ജസ്റ്റിൻ |
| | : | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിക്കുന്നു |
| 03 | : | സമ്പർക്കമാധ്യമദിനം |
| 03-08 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 08 | : | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| | : | വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ |
| 09 | : | മാതാവിന്റെ വിമലഹൃദയം |
| | : | മാർ അപ്രേം |
| | : | സി.എം.എൽ. രൂപതാ വാർഷികം, സെന്റ് മേരീസ് എച്ച്.എസ്.എസ്., മുരിക്കാശ്ശേരി |
| 09-10 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 11 | : | ബർണ്ണബാസ് ശ്ലീഹാ |
| 13 | : | പാദുവായിലെ വി. അന്തോണീസ് |
| 15-17 | : | വേദപാഠ അദ്ധ്യാപക പരിശീലനം, ആത്മജ്യോതി, അടിമാലി |
| 16 | : | മാതൃവേദി മോഡറേറ്റർ സംഗമം, കരിമ്പൻ |
| 22 | : | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 22-24 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 23 | : | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 28 | : | വി. ഇരണേവൂസ് |
| 29 | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

C. 13. സർക്കുലർ

# ലോക മാധ്യമദിനസന്ദേശം-2018

## ഫ്രാൻസിസ് മാർപാപ്പ

**"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**
**വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും**

പ്രിയ സഹോദരീ സഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കു ചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4-16; 11:1-9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യാജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യം



വഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972-ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക

നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുകയും ചെയ്യുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹാ



യിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ, തെറ്റുകളെ തുറന്നു കാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവ്വകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ. 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ. 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്ന് തുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ. 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗിക

മായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ. 3:1). ദൈവം യഥാർത്ഥ ത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരി ക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞു ള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷി ക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ. 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോ യി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷി ക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ. 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യ ങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരി ക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ച കർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ. 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീക രിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കു മെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ. 3:5). ദൈവത്തിന്റെ പിതൃ സഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാ ക്കപ്പെട്ടു: ''ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹി ക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത്പ. 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബ ദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങ ളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടി ക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.



നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറു ത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവയ്ക്കൽ ബോധംമൂലമല്ല. പിന്നെയോ മനു ഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള, തൃപ്തിപ്പെടുത്താ നാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമ വുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും, സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹ ത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗ ത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതു കൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരി ച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പി ക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരി ക്കാനും വേണ്ടിയാണത്.

**3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കി ത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതി യിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവ രെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദ രവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നില നിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളി ലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങ

ളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണ പറഞ്ഞതുകൊണ്ടു തന്നെ" (കാരമസോവ് ബ്രദേഴ്സ് II, 2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കു ഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബദ്ധപൂർവ്വകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ. 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ. 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന്



ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് - ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോൾ വേണമെങ്കിലും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവർ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജ

വാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് - ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ട് ചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിപ്പിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനം ചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും, കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനും സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.



ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടുന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:
ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.
ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.
സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.
പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.
പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.
ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.
മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.
ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.
അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**ഫ്രാൻസിസ് മാർപാപ്പാ**

N.B: ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2018 ജൂൺ 3-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## C. 32/18 സീറോ മലബാർ സഭാദിനം

മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളായ ജൂലൈ 3 സീറോ മലബാർ സഭാദിനമായി ആചരിക്കുകയാണ്. സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തന ചെലവുകളിലേക്കായി അന്നേദിവസം പ്രത്യേക പിരിവ് പള്ളികളിൽ നടത്തി ഒരു വ്യക്തിക്ക് ഒരു രൂപ എന്ന നിരക്കിൽ തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

*Bishop*

## C. 33/18 പത്രോസിന്റെ കാശ് പിരിവ്

മുൻകൂട്ടി അറിയിച്ച് ജൂൺ 24-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. പത്രോസിന്റെ കാശ് പിരിവ് നടത്തി ലഭിക്കുന്ന തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

*Bishop*

## C. 34/18 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 228 മുതൽ 235 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 35/18 സഹവാസ കൂട്ടായ്മ

ഇടുക്കി രൂപതയിലെ വൈദികരുടെ സഹവാസ കൂട്ടായ്മ ജൂലൈ 10, 11 അല്ലെങ്കിൽ 17, 18 തിയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

*Proto-syncellus*



## C. 36/18 Secretary to the Bishop

Contact number: +91 9188566529
e-mail: *frsecretarymjn@gmail.com*

*Proto-syncellus*

## C. 37/18 Presbyteral Council

An ordinaty meeting of the Presbyteral Council of the Eparchy of Idukki will be held on 15th June (Friday), 2018 at the Bishop's House, Karimpan. Topics to be included in the agenda may be sent to the Secretary before 10th June, 2018.

Time: 10.30 am.

*Chancellor*

## C. 38/18 Transfer and Appointment of Priests - 2018

**Offices**

| | | |
|---|---|---|
| 1. | Plachickal Jose | - Proto-syncellus & PRO |
| 2. | Purayattu Abraham | - Syncellus |
| 3. | Parackal Joseph | - Chancellor |
| 4. | Thachukunnel Joseph | - Procurator |
| 5. | Thakadiyel George | - Secretary, Corporate Educational Agency |
| 6. | Kochukunnel Joseph | - Rector, Minor Seminary |
| 7. | Mathalikunnel Joseph | - Vice Rector, Minor Seminary |
| 8. | Arakattu Kuriakose | - Director, Karuna Hospital |
| 9. | Mattam Philip | - Family Apostolate |
| 10. | Mulloor George | - Bishop's Secretary & Vice Chancellor |
| 11. | Irumbukuthiyil Mathew | - Administrator, Santhom Public School Churuly & Director *Mathruvedi* |
| 12. | Njavarakattu Mathew | - KCYM & KCSL (Residence: Kuthirakallu) |
| 13. | Thengumthottathil Joseph | - Jesus Youth |
| 14. | Menamthundathil Thomas | - *Thirubalasakhyam* |

15. Chunayamackal Joseph - DCMS
16. Perumalil George - Media
17. Manackalettu Sebastian - Notary, Eparchial Tribunal
18. Varakil Jospeh - Notary, Eparchial Tribunal

## Parish Priests

1. Anikuzhikattil Thomas - Churuly
2. Ampazhathunkal James - Palar
3. Chenamchirayil John - Mukkudam & Parathode School
4. Edattel Sebastian - Antopuram (Vicar-in-charge)
5. Edavazhickal George - Ayiramekar
6. Iykkara Philip - Sahayagiri
7. Kalloor John - Kanchiyar
8. Karinthel George - Anachal
9. Keeranchirayil George - Pandippara
10. Kochupurackal Jose - Udayagiri
11. Koickal Dominic - Vattappara
12. Kulamackal Thomas - Georgiar
13. Kurian Kurias - Kombayar
14. Kuthanappallil Emmanuel - Mankulam
15. Kuzhippallil George (Jr.) - Mankuva
16. Madukkakuzhy Mathew - Karithodu, Thinkalkadu
17. Malieckal Michael - Bisonvalley
18. Mangalathu Thomas - Munnar, Vattavada
19. Marattukulam Thomas - Muttukad
20. Mathalikunnel Joseph - Lower Kulamavu (Vicar-in-charge)
21. Menammoottil Joseph - Murickumthotty
22. Nallookunnel George - Ponmudy
23. Njavarakattu Mathew - Kuthirakallu (Vicar-in-charge)
24. Paimpallil Joseph - Ellakal
25. Palackamattam James - Thannikandom
26. Pappady Joseph - Adimaly
27. Parackal Thomas - Keerithodu



28. Parakadavil Antony - Rajapuram
29. Parakadavil Joseph (Sr) - Chinnarnirappu & Parathode School
30. Pattathekuzhy George - Ezhukumvayal
31. Perunattu Philip - Upputhodu
32. Porimattathil Joseph - Santhigram
33. Powath Joseph - Manjappetty
34. Puthiyaparambil Joseph - Anakulam
35. Puthoor Thomas - Kallupalam
36. Sauriamkuzhiyil James - Nedumkandam
37. Sauriamkuzhiyil Thomas - Sleevamala
38. Thachukunnel Joseph - Karickumtholam (vicar-in-charge)
39. Thakadiyel George - Painavu (vicar-in-charge)
40. Thelliyankal James - Kanthippara
41. Thoompunkal Thomas - Thokkupara, Kambiline
42. Thottiyil Joseph - Thovarayar
43. Thundathil Thomas - Maryland
44. Valiyamangalam Thomas - Karimpan
45. Vazhayil Joseph - Rajakkad (Pro Vicar)
46. Vengaloor Mathew - Pezhumkandam

## Parochial Vicars

1. Akkoottu Joseph - Ezhukumvayal
2. Ayillukunnel Joseph - Sahayagiri
3. Eanthottathil Thomas - Mankulam
4. Elampurayidathil Sebastian - Vazhavara
5. Erattachirayil Abraham - Erattayar
6. Vettukallel Joseph - Thopramkudy
7. Kamukumattathil Kurian - Venmony
8. Karimthakarackal Antony - Nedumkandam
9. Kavunkal James - Bethel (Temporary)
10. Kochozhathil Joseph - Parathode
11. Kolathupadavil George - Kanjikuzhy
12. Kollikulavil Joseph - Koompanpara

13. Kuthanappallil Augustine - Murickassery
14. Kuttikkattu Joseph - Thokkupara
15. Manackalettu Sebastian - Churuly
16. Mathoor Cyriac - Chemmannar
17. Ooroth John - Adimali
18. Pallivathukkal George - Rajakkad
19. Perumalil George - Udayagiri (Temporary)
20. Thakarappillil Mathew - Rajakumary
21. Varakil Jospeh - Vimalagiri
22. Vattapparayil Joseph - Vellayamkudy
23. Vazhayil Thomas - Vazhathope (Temporary)
24. Vettickal Joseph - Kunchithanni

**Studies**

1. Arayathinal Mathew (Canon Law)
2. Kalloor John (B.Ed.)
3. Kanjiramkunnel Thomas (German Language)
4. Karinthel George (B.Ed.)
5. Kavunkal James (M.A.)
6. Kurian Kurias (English Language)
7. Kuzhippallil Francis (B.Ed.)
8. Makkiyil James (M.A.)
9. Parakadavil Antony (M.A.)
10. Ponnambel James (M.A.)
11. Ponnambel Mathew (German Language)
12. Porimattathil Joseph (B.Ed.)
13. Puthuparambil Mathew (MSW)
14. Thottiyil Joseph (B.Ed.)
15. Thundathil Thomas (German Language)
16. Vengaloor Mathew (MCA)

**Relieved**

1. Cherukunnel Johnson (on leave)
2. Kaitholil George (For the Service in the Eparchy of Shamshabad)



3. Kochithara George (For the Service in the Eparchy of Kothamangalam)
4. Kochupurackal George
5. Koloth Francis
6. Kuzhippallil George (Sr.) (Austria)
7. Mavelikunnel Jose (on leave)
8. Meckal Mathew (For the Service in the Eparchy of Kothamangalam)
9. Vattamala Thomas (Pontifical Seminary Aluva)

*Bishop*

## C. 39/18 വൈദികവസ്ത്ര സ്വീകരണം

താഴെപ്പറയുന്ന വൈദിക വിദ്യാർത്ഥികൾ റീജൻസി പൂർത്തിയാക്കി മെയ് 3-ാം തീയതി മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന ഇവർക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

1. ചുണ്ടയ്ക്കൽ ജോസഫ്
2. കാരക്കുന്നേൽ ജോസഫ്
3. കൂട്ടുംകുടിയിൽ ജോസഫ്
4. മടിക്കാങ്കൽ തോമസ്
5. നരിക്കുഴിയിൽ കുര്യൻ
6. പാറയ്ക്കൽ വർഗീസ്
7. പ്ലാത്തോട്ടത്തിൽ സെബാസ്റ്റ്യൻ
8. തൊണ്ണമാക്കൽ ജോൺ

*Bishop*

## C. 40/18 Episcopal Consecration Fund 2018

| Name of Parish | Amount |
|---|---|
| **1 Churuly** | 35000 |
| 2 Alpara | 7500 |
| 3 Antopuram | 5000 |
| 4 Kanjikuzhy | 50000 |

| | | |
|---|---|---|
| 5 | Karimpan | 15000 |
| 6 | Keerithodu | 10000 |
| 7 | Panamkutty | 20000 |
| 8 | Pazhayarikandam | 20000 |
| 9 | Rajapuram | 10000 |
| 10 | Thattekanny | 5000 |
| 11 | Venmony | 15000 |
| **12** | **Erattayar** | 100000 |
| 13 | Bethel | 20000 |
| 14 | Chempakappara | 30000 |
| 15 | Eattithope | 20000 |
| 16 | Ezhukumvayal | 50000 |
| 17 | Koomban mala | 5000 |
| 18 | Kuzhikanam | 5000 |
| 19 | Ponnamala (Marykunnu) | 6000 |
| 20 | Nankuthotty | 5000 |
| 21 | Nazarath Valley (Nalumukku) | 15000 |
| 22 | Santhigram | 40000 |
| 23 | Vazhavara | 40000 |
| **24** | **Koompanpara** | 30000 |
| 25 | Adimali | 50000 |
| 26 | Anachal | 10000 |
| 27 | Anakulam | 15000 |
| 28 | Ayiramekar | 30000 |
| 29 | Georgiar | 10000 |
| 30 | Irumpupalam | 15000 |
| 31 | Kallar | 10000 |
| 32 | Kurisupara | 10000 |
| 33 | Machiplavu | 20000 |
| 34 | Mankulam | 40000 |
| 35 | Sahayagiri | 10000 |
| 36 | Thokkupara | 30000 |



| | | |
|---|---|---|
| **37** | **Nedumkandam** | 50000 |
| 38 | Chembalam | 10000 |
| 39 | Chemmannar | 25000 |
| 40 | Kattakkala(Georgepuram) | 5000 |
| 41 | Kallupalam | 10000 |
| 42 | Karithodu | 5000 |
| 43 | Kombayar | 6000 |
| 44 | Manjappara | 16000 |
| 45 | Manjapetty | 10000 |
| 46 | Mavady | 19000 |
| 47 | Mailadumpara | 50000 |
| 48 | Pachady (Nazareth) | 20000 |
| 49 | Palar | 15000 |
| 50 | Thookupalam | 10000 |
| **51** | **Parathodu** | 70000 |
| 52 | Chinnar Nirappu | 10000 |
| 53 | Josepuram | 10000 |
| 54 | Kailasam | 15000 |
| 55 | Mankuva | 25000 |
| 56 | Mukkudam | 25000 |
| 57 | Murickassery | 40000 |
| 58 | Panickankudy | 20000 |
| 59 | Perinchamkutty | 25000 |
| **60** | **Rajakad** | 50000 |
| 61 | Bisonvalley | 5000 |
| 62 | Josegiri | 25000 |
| 63 | Kanthippara | 15000 |
| 64 | Kunchithanny | 40000 |
| 65 | Murickumthotty | 40000 |
| 66 | Muttukad | 10000 |
| 67 | Pottenkad | 15000 |
| 68 | Rajakumary | 100000 |
| 69 | Sleevamala | 15000 |

| | | |
|---|---|---|
| 70 | Vattappara | 5000 |
| **71** | **Thankamany** | 50000 |
| 72 | Kanakakunnu | 25000 |
| 73 | Kamakshy | 10000 |
| 74 | Kiliyarkandam | 15000 |
| 75 | Karickumtholam | 5000 |
| 76 | Nellippara | 25000 |
| 77 | Neelivayal | 12000 |
| 78 | Pandippara | 30000 |
| 79 | Snehagiri | 10000 |
| 80 | Thopramkudy | 50000 |
| 81 | Udayagiri | 25000 |
| 82 | Vathikudy | 10000 |
| **83** | **Vazhathope** | 100000 |
| 84 | Bhoomiyamkulam | 20000 |
| 85 | Idukki | 17000 |
| 86 | Kuthirakallu | 10000 |
| 87 | Maniyaramkudy | 10000 |
| 88 | Mariapuram | 50000 |
| 89 | Muthiyurundayar | 3000 |
| 90 | Mulakuvally | 10000 |
| 91 | Narakakkanam | 30000 |
| 92 | Rajamudy | 20000 |
| 93 | Thannikandam | 15000 |
| 94 | Upputhodu | 50000 |
| 95 | Vimalagiri | 30000 |
| **96** | **Vellathooval** | 25000 |
| 97 | Pothupara (Alphonsa Nagar) | 10000 |
| 98 | Chelliampara | 20000 |
| 99 | Ellakal | 35000 |
| 100 | Kallarkutty | 15000 |
| 101 | Kuthupara | 10000 |
| 102 | Maryland | 15000 |



| | | |
|---|---|---|
| 103 | Panniarkutty | 15000 |
| 104 | Ponmudy | 30000 |
| **105** | **Vellayamkudy** | 150000 |
| 106 | Calvarymount | 25000 |
| 107 | Kanchiyar | 20000 |
| 108 | Kozhimala | 10000 |
| 109 | Mulakaramedu | 25000 |
| 110 | Pezhumkandom | 7000 |
| 111 | Thovarayar | 25000 |
| **EPARCHY OF KOTHAMANGALAM** | | 500000 |
| **Congregations** | | |
| S.H. Rajamudy | | 200000 |
| S.A.B.S Kuthirakallu | | 200000 |
| CMC Adimaly | | 200000 |
| FCC Murickassery | | 200000 |
| FCC Generalate Aluva | | 100000 |
| Auxilium Kanakakunnu | | 10000 |
| MSJ provincial KLM | | 25000 |
| Holy Family Provincial MVPA | | 10000 |
| Samaritan Sisters Rajakumary | | 5000 |
| Sanjo College CST, Mullakkanam | | 10000 |
| LAR Vellakayam | | 15000 |
| SCCJ Convent Rajakad | | 10000 |
| DM convent Kiliyarkandam | | 20000 |
| FMM Manjapetty | | 10000 |
| FSLG Vahathope | | 15000 |
| CMC Kothamangalam | | 25000 |
| Claritian Ashram Nedumkandam | | 10000 |
| CST Mullakkanam | | 10000 |
| INDIVIDUAL DONATIONS | | 1226000 |
| Pavanatma College | | 38000 |
| Carmel Food Industries | | 25000 |
| **Total** | | **55,52,500** |

**C. 41/18 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| ഫാ. ആന്റണി ആലഞ്ചേരിൽ | ജൂൺ 13 |
| ഫാ. ആന്റണി പനച്ചിക്കൽ | ജൂൺ 13 |
| ഫാ. ആന്റണി പാലാപുളിക്കൽ | ജൂൺ 13 |
| ഫാ. ആന്റണി പാറക്കടവിൽ | ജൂൺ 13 |
| ഫാ. ആന്റണി കരിന്തകരയ്ക്കൽ | ജൂൺ 13 |
| ഫാ. ജോൺ ചേനംചിറയിൽ | ജൂൺ 24 |
| ഫാ. ജോൺസൺ ചെറുകുന്നേൽ | ജൂൺ 24 |
| ഫാ. ജോൺ മുണ്ടയ്ക്കാട്ട് | ജൂൺ 24 |
| ഫാ. പോൾ മണിയാട്ട് | ജൂൺ 29 |
| ഫാ. പീറ്റർ മാത്തയ്ക്കൽ CMI | ജൂൺ 29 |

*Bishop*

## ക്രിസ്തുജ്യോതി

**CJ. 39/18 സപ്ലിമെന്ററി പരീക്ഷ**

X, XII ക്ലാസുകളിലെ കുട്ടികൾക്കായി ജൂൺമാസം 9-ാം തീയതി സപ്ലിമെന്ററി പരീക്ഷ ഉണ്ടായിരിക്കും. 10.00 am ന് അതാതു ഫൊറോനകളിൽ വെച്ചായിരിക്കും പരീക്ഷ നടത്തുന്നത്. പരീക്ഷാർത്ഥികൾ Rs. 50/- രജിട്രേഷൻ ഫീസ് പരീക്ഷയ്ക്കുവരുമ്പോൾ നല്കേണ്ടതാണ്.

**CJ. 40/18 സൺഡേ സ്കൂൾ ബാഗ്**

സൺഡേ സ്കൂൾ കുട്ടികൾക്കായി ബാഗ് തയ്യാറായിട്ടുണ്ട് വില Rs. 120/-.

**CJ. 41/18 ഇടവക വിഹിതം**

2018-19 അദ്ധ്യായനവർഷത്തെ ഇടവക വിഹിതം ഒരു കുട്ടിക്ക് Rs. 20/- എന്ന തുക തന്നെയായിരിക്കും.



**CJ. 42/18 സൺഡേ സ്കൂൾ പാഠപുസ്തകങ്ങൾ വിലവിവരം**

| Class | Sunday Cat. | Work book | School Cat. | School Moral |
|---|---|---|---|---|
| I | 25 | 30 | 24 | 45 |
| II | 25 | 30 | 24 | 45 |
| III | 25 | 30 | 24 | 45 |
| IV | 25 | 30 | 24 | 45 |
| V | 30 | 30 | 24 | 50 |
| VI | 30 | 30 | 24 | 50 |
| VII | 30 | 30 | 24 | 50 |
| VIII | 30 | 30 | 24 | 50 |
| IX | 30 | 30 | 20 | 50 |
| X | 30 | 30 | 20 | 50 |
| XI | 30 | - | 40 | 40 |
| XII | 30 | - | 40 | 40 |

ഉപപാഠപുസ്തകം - Class V - Rs. 10, Class VI - Rs. 10, Class VII - Rs. 10. X, XI, XII ക്ലാസുകളുടെ ഉപപാഠപുസ്തകം - 'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന ഗ്രന്ഥമാണ്. വില Rs. 100/- എല്ലാ കുട്ടികൾക്കും പുസ്തകം ലഭ്യമാക്കേണ്ടതാണ്. VIII, IX ക്ലാസുകളിലെ ഉപപാഠപുസ്തകം കഴിഞ്ഞ വർഷത്തെ തന്നെയായിരിക്കും.

**CJ. 43/18 ലോഗോസ് ക്വിസ് 2018**

പഠന ഭാഗം:- നിയമാവർത്തനം 1-11
പ്രഭാഷകൻ 1-10

മത്തായി 10-18

വെളിപാട് 10-16

രൂപതാതല പരീക്ഷ :- സെപ്റ്റംബർ 30 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ.

സംസ്ഥാനതല പരീക്ഷ :- നവംബർ 11, 22-25

**പ്രായ വിഭാഗങ്ങൾ**

A വിഭാഗം 1-1-2007 ന് ശേഷം ജനിച്ചവർ

B വിഭാഗം 1-1-2002 നും 31-12-2006 നും ഇടക്ക് ജനിച്ചവർ

C വിഭാഗം 1-1-1987 നും 31-12-2001 നും ഇടക്ക് ജനിച്ചവർ

D വിഭാഗം 1-1-1967 നും 31-12-1986നും ഇടക്ക് ജനിച്ചവർ

E വിഭാഗം 1-1-1954 നും 31-12-1966 നും ഇടക്ക് ജനിച്ചവർ

F വിഭാഗം 31-12-1953 ന് മുമ്പ് ജനിച്ചവർ.

ഓരോ ഇടവകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ ആണ് നടത്തേണ്ടത്. രജിസ്ട്രേഷൻ ജൂലൈ 31 ന് മുമ്പായി പൂർത്തിയാക്കി മത്സരാർത്ഥികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം. രജി. ഫീസ് Rs. 10 ആണ്. 4-ാം ക്ലാസ് മുതലുള്ള എല്ലാ സൺഡേ സ്കൂൾ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും ലോഗോസ് ക്വിസിൽ പങ്കെടുപ്പിക്കാൻ പരമാവധി ശ്രദ്ധിക്കുമല്ലോ.

**സമ്മാനങ്ങൾ**

1. രൂപതയിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
2. ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
3. ഏറ്റവും നല്ല പെർഫോമൻസ് കാഴ്ച്ചവയ്ക്കുന്ന ഇടവകയ്ക്ക് സമ്മാനം.
4. ഓരോ വിഭാഗത്തിലും രൂപതാതലത്തിൽ 1st, 2nd, 3rd, 4th റാങ്കുകാർക്ക് സമ്മാനം.
5. ഓരോ ഇടവകയിലും ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് സമ്മാനം.



6. ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മതാദ്ധ്യാപകർക്ക് സമ്മാനം.

### CJ. 44/18 ലോഗോസ് ഫമിലീയ ക്വിസ്

കുടുംബാംഗങ്ങൾ ഒരുമിച്ചു പങ്കെടുക്കുന്ന ലോഗോസ് ഫമിലീയ ക്വിസ് ഈ വർഷവും ഉണ്ടായിരിക്കും. ഫമിലീയ ക്വിസിൽ മാതാപിതാക്കളും ഒരു കുട്ടിയും ആണ് പങ്കെടുക്കേണ്ടത്. ഒരോ രൂപതയിലേയും ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന ഒരു ഫാമിലിക്ക് സംസ്ഥാനതലത്തിൽ മത്സരിക്കാൻ അവസരം ലഭിക്കുന്നു.

### CJ. 45/18 സ്റ്റഡിഫോറം

2018-19 പ്രവർത്തന വർഷത്തെ സ്റ്റഡിഫോറം "വിശ്വാസ വഴിയിലെ സംശയങ്ങൾ" എന്ന ഗ്രന്ഥത്തിലെ വിഷയങ്ങൾ ആണ്. വില Rs. 100/-

### CJ. 46/18 ബേസിക് ട്രെയിനിംഗ് കോഴ്സ്

നമ്മുടെ രൂപതയിലെ നവാഗതരായ അദ്ധ്യാപകർക്കുവേണ്ടി ജൂൺ 15, 16, 17 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ പരിശീലനം നൽകുന്നു. ജൂൺ 15 ന് 10 am ന് ആരംഭിക്കുന്ന പരിശീലന പരിപാടി ജൂൺ 17 ന് 3 pm ന് അവസാനിക്കുന്നു. രജി. ഫീസ് Rs. 650/- ആണ്. ഓരോ ഇടവകയിലെയും നവാഗതരായ അദ്ധ്യാപകർ നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

### CJ. 47/18 നൂറു ശതമാനം വിജയം നേടിയ സൺഡേ സ്കൂളുകൾ

**<u>Class X</u>**

01. St. George Sunday School, Alpara
02. St. Alphonsa Sunday School, Alphonsanagar
03. St. Antony's Sunday School Antopuram
04. St. Sebastian's Sunday School, Bhoomiyamkulam
05. St. Antony's Sunday School Bisonvalley
06. St. Mary's Sunday School, Chelliampara
07. St. Joseph's Sunday School, Chembalam

08. St. Thomas Sunday School, Chinnarnirappu
09. Vijaya Matha Sunday School, Eattithopu
10. Nithya Sahaya Matha Sunday School Ezhukumvayal
11. St. Joseph's Sunday School, Josegiri
12. St. Joseph's Sunday School, Josepuram
13. St. Joseph Sunday School, Kailasam
14. St. Joseph's Sunday School, Kallar
15. St. Joseph Sunday School, Kallarkutty
16. St. Antony's Sunday School, Kamakshy
17. St. Jude Sunday School, Kanakakunnu
18. Fathima Matha Sunday School, Karimala
19. St. Mary's Sunday School, Karithodu
20. St. George Sunday School, Kattakala
21. Nithya Sahaya Matha Sunday School Keerithode
22. Holy Family Sunday School, Kiliyarkandam
23. Infant Jesus Sunday School Kombayar
24. St. Joseph Sunday School, Koombanmala
25. Holy Family Sunday School, Kunchithanni
26. St. Jude Sunday School, Kuthirakkallu
27. St. Joseph's Sunday School, Kuthupara
28. St. Thomas Sunday School, Lower Kulamavu
29. St. Francis Assissi Sunday School, Machiplavu
30. St. Mary's Sunday School, Manjapetty
31. Infant Jesus Sunday School, Mankadavu
32. St. Thomas Sunday School, Mankuva
33. St. Mary's Sunday School, Mariyapuram
34. St. Mary's Sunday School, Maryland
35. St. Sebastian's Sunday School, Mukkudam
36. St. Michael's Sunday School, Munnar
37. St. George Sunday School, Muttukad
38. St. George Sunday School, Nankuthotty
39. St. Joseph Sunday School, Mulakuvally
40. Holy Family Sunday School, Nalumukku
41. St. Mary's Sunday School, Neelivayal



42. St. Xavier's Sunday School, Nellippara
43. St. Joseph's Sunday School, Pachady
44. St. Thomas Sunday School, Painavu
45. St. George Sunday School, Palar
46. St. Joseph Sunday School, Pezhumkandam
47. St. Mary's Sunday School, Ponnamala
48. St. Mary's Sunday School, Pushpakandam
49. Christuraj Sunday School, Rajamudy
50. St. George Sunday School, Thattekkanny
51. St. George Sunday School, Vellathooval
52. St. Antony's Sunday School, Karikumtholam
53. St. Mary's Sunday School, Kanjikuzhy

## Class XII

01. St. George Sunday School, Alpara
02. St. Alphonsa Sunday School, Alphonsanagar
03. St. Antony's Sunday School, Antopuram
04. St. Thomas Sunday School, Ayiramekkar
05. St. Sebastian's Sunday School, Bhoomiyamkulam
06. St. Antony's Sunday School, Bisonvalley
07. St. Joseph's Sunday School, Chembalam
08. St. Thomas Sunday School, Churuly
09. Vijaya Matha Sunday School, Eattithopu
10. St. George Sunday School, Georgiar
11. St. George Sunday School, Idukki
12. St. Antony's Sunday School, Irumpupalam
13. St. Joseph's Sunday School, Josepuram
14. St. Joseph Sunday School, Kailasam
15. St. Joseph's Sunday School, Kallar
16. St. Joseph Sunday School, Kallarkutty
17. St. Antony's Sunday School, Kamakshy
18. St. Jude Sunday School, Kanakakunnu

19. Lourde Matha Sunday School, Kanchiyar
20. St. Antony's Sunday School, Karikumtholam
21. Fathima Matha Sunday School, Karimala
22. St. Mary's Sunday School, Karimpan
23. St. George Sunday School, Kattakala
24. Holy Family Sunday School, Kiliyarkandam
25. Infant Jesus Sunday School, Kombayar
26. St. Joseph Sunday School, Koombanmala
27. Fathima Matha Sunday School, Koompanpara
28. Holy Family Sunday School, Kunchithanny
29. St. Jude Sunday School, Kuthirakkallu
30. St. Joseph's Sunday School, Kuthupara
31. St. Francis Assissi Sunday School, Machiplavu
32. St. Mary's Sunday School, Manjapetty
33. Infant Jesus Sunday School, Mankadavu
34. St. Thomas Sunday School, Mankuva
35. St. Mary's Sunday School, Mariyapuram
36. St. Joseph's Sunday School, Mulakuvally
37. St. George Sunday School, Nankuthotty
38. Holy Family Sunday School, Nazrathuvally
39. St. Xavier's Sunday School, Nellippara
40. St. Mary's Sunday School, Ponnamala
41. St. Thomas Sunday School, Painavu
42. St. Joseph Sunday School, Pandipara
43. Christuraj Sunday School, Rajamudy
44. St. John Mariya Vianney Sunday School, Panickankudy
45. Deiva Matha Sunday School, Rajakumary
46. Christuraj Sunday School, Rajakadu
47. St. Mary's Sunday School, Pushpakandam
48. St. Sebastian's Sunday School, Pottankadu
49. St. Mary's Sunday School, Ponmudy



50. St. Sebastian's Sunday School, Pazhayarikandam
51. St. Sebastian's Sunday School, Snehagiri
52. St. Mary's Sunday School, Udayagiri
53. Infant Jesus Sunday School, Vattappara
54. Lourde Matha Sunday School, Vathikudy
55. St. George Sunday School, Vellathooval
56. St. George Sunday School, Venmony
57. St. Mary's Sunday School, Kallupalam
58. Nithya Sahaya Matha Sunday School, Ezhukumvayal

## CORPORATE EDUCATIONAL AGENCY

**Edn. 12/18** **അദ്ധ്യായന വർഷാരംഭം**

പുതിയ ഒരു അദ്ധ്യായനവർഷം കൂടി ആരംഭിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞവർഷത്തെ പരീക്ഷാഫലങ്ങൾ സൂചിപ്പിക്കുന്നതു പോലെ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ സ്കൂളുകൾക്കു സാധിച്ചു. ഇതിനായി സഹായിച്ച എല്ലാ മാനേജർമാരേയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. പുതിയ അദ്ധ്യായനവർഷത്തെ വലിയ പ്രതീക്ഷയോടെയാണ് വിദ്യാർത്ഥികളും, രക്ഷിതാക്കളും, പൊതുസമൂഹവും നോക്കി കാണുന്നത്. മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളെ രൂപാന്തരപ്പെടുത്തുക എന്നതാണ് നമ്മുടെ മുമ്പിലുള്ള പ്രധാന വെല്ലുവിളി. വിദ്യാർത്ഥികളുടെ ബൗദ്ധികവും, മാനസികവും, ധാർമ്മികവും, ആദ്ധ്യാത്മീകവുമായ വളർച്ചയായിരിക്കണം നമ്മുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇന്നത്തെ സമൂഹമുയർത്തുന്ന വെല്ലുവിളികൾ നേരിടുവാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാകേണ്ടതുണ്ട്. ഇതിനായി അവരെ ഒരുക്കുക എന്നതാണ് അദ്ധ്യാപകരുടെ ദൗത്യം. നമ്മുടെ എല്ലാ കർമ്മപരിപാടികളിലും

സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം യാചിച്ചുകൊണ്ട് ഒരു പുതിയ അദ്ധ്യായനവർഷം നമുക്കാരംഭിക്കാം.

## Edn. 13/18 സ്നേഹനിധി - ചികിത്സാസഹായം

നമ്മുടെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള സ്നേഹനിധി ചികിത്സാസഹായ പദ്ധതി വളരെയേറെ കുട്ടികൾക്കും കുടുംബ ങ്ങൾക്കും ആശ്വാസമായി എന്നതിൽ സംശയമില്ല. ഈ പരസ്പര സഹായപദ്ധതി മാതൃകാപരമായ ഒരു സംരംഭമാണ്. 1188 കുട്ടികൾ ക്കായി അൻപത്തിയേഴുലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി പത്ത് (5739010) രൂപയുടെ ചികിത്സാസഹായം ഈ പദ്ധതി വഴി ഇതുവരെ കൊടുക്കുവാൻ സാധിച്ചു.

കഴിഞ്ഞവർഷം എല്ലാ കുട്ടികളേയും ഈ പദ്ധതിയിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷവും ഈ പദ്ധതി നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുവാൻ ശ്രമിക്കുക. വിശദവിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

## Edn. 14/18 ജീവകാരുണ്യ സ്കോളർഷിപ്പ്

ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവ കാരുണ്യ സ്കോളർഷിപ്പ്വഴിയായി ഇതിനകം കുറേയേറെ കുട്ടിക ളുടെ ഉന്നത പഠനത്തിന് സഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയു മായി സഹകരിക്കുന്ന എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാ പകർക്കും ആത്മാർത്ഥമായ നന്ദി. എല്ലാവരുടേയും സഹകരണം ഈ വർഷവും പ്രതീക്ഷിക്കുന്നു.

## Edn. 15/18 സന്മാർഗ്ഗശാസ്ത്രം - വേദപാഠം

നമ്മുടെ സ്കൂളുകളിൽ വേദപാഠം - സന്മാർഗ്ഗ ശാസ്ത്രം ക്ലാസ്സുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്. ആവ ശ്യമായ പുസ്തകങ്ങൾ ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും വാങ്ങി സമയ ബന്ധിതമായി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.



## Edn. 16/18 SSLC - Plus Two Result

ഈ വർഷത്തെ SSLC - Plus Two പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും സ്കൂളുകൾക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. റിസൾട്ടിന്റെ പൂർണ്ണവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Details of S.S.L.C Result during the year 2017- 18**

| Sl.No. | Name of School | Appeared | Passed | Failed | Full A + | Percentage |
|---|---|---|---|---|---|---|
| 01 | Thankamany STHSS | 186 | 186 | | 14 | 100 |
| 02 | Vazhathope SGHSS | 160 | 160 | | 11 | 100 |
| 03 | Vellayamkudy SJHSS | 145 | 145 | | 20 | 100 |
| 04 | Kanthippara SSHS | 63 | 63 | | 3 | 100 |
| 05 | Mankulam SMHS | 100 | 100 | | 11 | 100 |
| 06 | Parathode SGHS | 193 | 193 | | 13 | 100 |
| 07 | Ponmudy SMHS | 26 | 26 | | 1 | 100 |
| 08 | Pottenkad SSHS | 103 | 103 | | 13 | 100 |
| 09 | Thokkupara SSHS | 100 | 100 | | 4 | 100 |
| 10 | Upputhode SJHS | 26 | 26 | | 1 | 100 |
| 11 | Vazhavara SMHS | 51 | 51 | | 10 | 100 |
| 12 | Vimalagiri VHS | 52 | 52 | | 6 | 100 |
| 13 | Murickassery SMHSS | 190 | 189 | 1 | 12 | 99.47 |
| 14 | Erattayar STHSS | 231 | 229 | 2 | 27 | 99.13 |
| 15 | Chemmannar SXHSS | 140 | 138 | 2 | 13 | 98.57 |
| 16 | Mariapuram SMHS | 51 | 50 | 1 | 3 | 98.03 |
| 17 | Punnayar STHS | 114 | 111 | 3 | 5 | 97.36 |
| | **Total** | **1931** | **1922** | **9** | **167** | **99.53** |

## PLUS TWO RESULT FOR THE ACADEMIC YEAR 2017-18

| Sl. No | Name of the School | Computer Science | | Pure Science | | Home Science | | Commerce | | Humanities | | Total | | Full A+ | Percentage |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | Appeard | Passed | | |
| 1 | Thankamany STHSS | | | 55 | 55 | | | 113 | 109 | 58 | 57 | **226** | **221** | **11** | **97.78** |
| 2 | Vellayamkudy SJHSS | 56 | 54 | 57 | 57 | | | 55 | 53 | 55 | 52 | **223** | **216** | **25** | **96.86** |
| 3 | Vazhathope SGHSS | 48 | 48 | 103 | 100 | | | 113 | 109 | 53 | 50 | **317** | **307** | **19** | **96.84** |
| 4 | Murickassery SMHSS | | | 113 | 112 | | | 110 | 104 | 54 | 48 | **277** | **264** | **13** | **96** |
| 5 | Erattayar STHSS | 54 | 53 | 116 | 115 | | | 115 | 105 | | | **285** | **273** | **27** | **95.78** |
| 6 | Mariyapuram SMHSS | | | 46 | 40 | | | 54 | 52 | | | **100** | **92** | **8** | **92** |
| 7 | Chemmannar SXHSS | | | 56 | 56 | 44 | 42 | 54 | 54 | 56 | 41 | **210** | **193** | **11** | **91.90** |
| 8 | Mankulam SMHSS | | | 41 | 33 | | | 51 | 44 | | | **92** | **77** | **1** | **83.69** |
| | **Total** | **158** | **155** | **587** | **568** | **44** | **42** | **665** | **630** | **276** | **248** | **1730** | **1643** | **115** | **94.97** |



# സോഷ്യൽ സർവ്വീസ്

## SS 57/18 റ്റി.ഡി.എഫ്. പദ്ധതി വിലയിരുത്തൽ

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ വിലയിരുത്തൽ മെയ് മാസം 7 മുതൽ 12 വരെ നടന്നു. 416 കുടുംബങ്ങളുടെ കാർഷിക വരുമാന വർദ്ധന പരിപാടികളും, മണ്ണ്, ജല സംരക്ഷണ പരിപാടികളും, പ്രകൃതി വിഭവ പരിപോഷണവും ഉൾപ്പെടുന്ന ഈ പദ്ധതിയിൽ 104 കുടുംബങ്ങളിൽ പ്രവർത്തന വിലയിരുത്തലും കൃഷിസ്ഥല സന്ദർശനവും നടത്തി.സെൻട്രൽ ഗവൺമെന്റ് ഏജൻസിയായ നാബ്കോൺ പ്രോഗ്രാം മാനേജർ ഡോ. റ്റിറ്റോ. ഡി. ക്രൂസ്, ആനിമേറ്റർ ശ്രീ. ഷംഷാദ് എന്നിവർ പദ്ധതിയുടെ പ്രവർത്തന വിലയിരുത്തൽ നടത്തി. സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ നേതൃത്വം നൽകി.

## SS 58/18 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

### കിളിയാർകണ്ടം

കിളിയാർകണ്ടം യൂണിറ്റിന്റെ വാർഷികം ഏപ്രിൽ മാസം 22-ാംതീയതി രാവിലെ 11 മണിക്ക് നടന്നു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സാലി ബേബി അദ്ധ്യക്ഷത വഹിച്ച യോഗം രക്ഷാധികാരി ഫാ. മാത്യു ചെറുപറമ്പിൽ ഉദ്ഘാടനം ചെയ്തു.ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും, കണക്കും ഹരിതാഭം പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ടും സെക്രട്ടറി ശ്രീ. ജോണി ചേലമരുതുങ്കൽ അവതരിപ്പിച്ചു. കിഡ്നി ദാനം ചെയ്ത ശ്രീ. ജെസ്റ്റിനെ യോഗത്തിൽ പ്രത്യേകം ആദരിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ ആശംസ അർപ്പിച്ച് സംസാരിച്ചു.

## SS 59/18 ആശാരിക്കവല നീർത്തട പദ്ധതി

ഇരട്ടയാർ, നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തിൽ പശ്ചിമഘട്ട വികസനപദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന ആശാരിക്കവല നീർത്തട പദ്ധതിയുടെ ഭാഗമായി 1,50,600 രൂപ പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നല്കുന്നതിന് എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ യോഗം ചേർന്നു. ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആനിയമ്മ, ഇരട്ടയാർ അഗ്രിക്കൾച്ചർ ഓഫീസർ ശ്രി. രതീഷ്, പഞ്ചായത്ത് മെമ്പർമാർ, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കോഡിനേറ്റർ ശ്രി. ബിനീഷ് കോട്ടൂർ, നീർത്തട കമ്മറ്റി അംഗങ്ങൾ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## SS 60/18 ഇ-ശക്തി പ്രോജക്ട് പ്രവർത്തന വിലയിരുത്തൽ

നബാർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ നടത്തിവരുന്ന ഇ-ശക്തി പ്രോഗ്രാമിന്റെ പ്രവർത്ത വിലയിരുത്തൽ 17-05-2018 2 pm ന് ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. നബാർഡിന്റെ ചീഫ് ജനറൽ മാനേജർ ആർ. സുന്ദർ, ഡി.ഡി.എം. അശോക് കുമാർ നായർ, എസ്റ്റീം സൗത്ത് സോൺ കോർഡിനേറ്റർ നാഗരാജ്, എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പീരുമേട് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. ഹബി, പ്രോഗ്രാം കോർഡിനേറ്റർ സിബി മാളിയേക്കൽ, പി.ഡി.എസ്. കോർഡിനേറ്റർ സിബി, ഇടുക്കി ജില്ലാ സപ്പോർട്ടിംഗ് ഓഫീസർ ബിനീഷ് കോട്ടൂർ എന്നിവർ പങ്കെടുത്തു.

## SS 61/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ഏപ്രിൽമാസത്തിൽ 2 പേർക്ക് ചികിത്സയ്ക്കായി 7200 രൂപ നൽകി.

## SS 62/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ ഏപ്രിൽ, മെയ് മാസങ്ങളിലായി സിജി കുര്യൻ പതിപ്ലാക്കൽ പടമുഖം, സുരീന്ദർ



പാൽ സിംഗ് C/o സി.ആർ. സഖീർ കിണറ്റിൻകരയിൽ കുമളി,സജി ജോസഫ് കയ്യാലയിൽകല്ലാർകുട്ടി, വർക്കി ചാക്കോ കൂനമ്മാക്കൽ രാജപുരം എന്നിവർതങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു. അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 63/18 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 2170 കോഴിക്കുഞ്ഞുങ്ങളെ ഏപ്രിൽ മാസത്തിൽവെൺമണി, കഞ്ഞിക്കുഴി, ചേലച്ചുവട്, മുരിക്കാശ്ശേരി, വാത്തിക്കുടി,കാഞ്ചിയാർ, എഴുകുംവയൽ, ആൽപ്പാറ, കരിമ്പൻ, കൂഞ്ചിത്തണ്ണി, ബൈസൺവാലി, പൊട്ടൻകാട് എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 64/18 ഹരിതാഭം പദ്ധതി ഉദ്ഘാടനം

സമഗ്ര കൃഷി വികസനം ലക്ഷ്യം വച്ചുകൊണ്ട് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും, ഇടുക്കി ജില്ലാ സഹകരണ ബാങ്കും, നബാർഡും സംയുക്തമായി ആരംഭിക്കുന്ന ഹരിതാഭം പദ്ധതി 17-05-2018 ന് ചുരുളി സെന്റ് തോമസ് പാരീഷ് ഹാളിൽ ഉദ്ഘാടനം ചെയ്തു. സൊസൈറ്റിയുടെ കീഴിലുള്ള 75 സ്വാശ്രയ സംഘങ്ങളിൽപെട്ട 900 കുടുംബങ്ങൾ ഗുണഭോക്താക്കളായി വരുന്ന ഈ പദ്ധതി വഴി കൃഷി വ്യാപനം, പ്രകൃതി വിഭവ പരിപോഷണം, ജൈവ കൃഷി പ്രോത്സാഹനം, വരുമാന വർദ്ധനവ്, കാർഷിക വിപണനം, മൃഗ പരിപാലനം, തേനീച്ച കൃഷി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങി വ്യത്യസ്ത പരിപാടികൾക്കായി വ്യക്തികളും സംഘങ്ങളും, സംഘം ഫെഡറേഷനും, സൊസൈറ്റിയും തമ്മിൽ ഉണ്ടാക്കുന്ന ഉടമ്പടിയുടെ വ്യവസ്ഥകൾ അനുസരിച്ച് തുല്യ തവണകളായി തിരിച്ചടക്കാവുന്ന രീതിയിലാണ് വായ്പകൾ നല്കുന്നത്.

സൊസൈറ്റിയുടെ പ്രസിഡന്റ് മോൺ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. സുന്ദർ പദ്ധതി ഉദ്ഘാടനം ചെയ്തു. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ.ആർ. രാജേഷ് മുഖ്യ പ്രഭാഷണം നടത്തി. നബാർഡ് ജില്ലാ വികസന മാനേജർ അശോക് കുമാർ

നായർ, ലീഡ് ബാങ്ക് മാനേജർരാജേഷ് പിള്ള,ക്രെഡിറ്റ്‌യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, ഫാ. ജെയിംസ്ശൗര്യാംകുഴി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോഗ്രാം ഓഫീസർ സിബി തോമസ്, പ്രോജക്ട് കോഡിനേറ്റർ ബിനീഷ് കെ. സോമൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 65/18 ഹരിതാഭം പദ്ധതി ലോൺ വിതരണം

നബാർഡിന്റെയും ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി, കുതിരക്കല്ല് യൂണിറ്റിൽ 945000 രൂപയും കഞ്ഞിക്കുഴി യൂണിറ്റിൽ 1150000 രൂപയും കരിമ്പൻ യൂണിറ്റിൽ 1700000 രൂപയും പൊട്ടൻകാട് യൂണിറ്റിൽ 1925000 രൂപയും ആൽപ്പാറ യൂണിറ്റിൽ 50000 രൂപയും വായ്പ നൽകി.

### SS 66/18 തീരം സെൻട്രൽ മീറ്റിംഗ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ഭിന്നശേഷിയുള്ളവരുടെ സംഘടനയായ തീരത്തിന്റെസെൻട്രൽ കമ്മിറ്റി മെയ് 2-ന് ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ അദ്ധ്യക്ഷതയിൽബിഷപ്സ് ഹൗസിൽ കൂടി. കമ്മറ്റിയിൽ സംഘങ്ങൾക്ക് വരുമാന വർദ്ധനവിനായി ജെ.എൽ.ജി, ഐ.ജി.പി ലോണുകൾ നൽകാൻ തീരുമാനിച്ചു. തീരം രൂപതാ പ്രസിഡന്റ് ജോബ് കലമറ്റം, ആനിമേറ്റർ സാറ്റ്ലി, കോർഡിനേറ്റർ എബിൻ കുറുന്താനത്ത് എന്നിവർ കമ്മറ്റിയ്ക്ക് നേതൃത്വം നൽകി. എല്ലാ സംഘങ്ങളിൽ നിന്നും പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു.

### SS 67/18 കൃഷി വികസനത്തിന് സഹായവുമായി നബാർഡ് വട്ടവടയിൽ

സൊസൈറ്റിയുടെ കീഴിൽ വട്ടവടയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പച്ചക്കറി കൃഷിയും പഴവർഗ്ഗ



കൃഷിയും ചെയ്യുന്നതിനായി നബാർഡ് പലിശരഹിത വായ്പ നല്കുന്നു. വട്ടവട വ്യാപാര ഭവനിൽ 18-05-2018 വെള്ളിയാഴ്ച 3 മണിക്ക് കൂടിയ യോഗം നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. സുന്ദർ ഉദ്ഘാടനം ചെയ്തു.ജില്ലയിലെ പ്രമുഖ ബാങ്കുകളുടെ പ്രതി നിധികളായ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് മാനേജർ ഏ.ആർ. രാജേഷ്, ലീഡ് ബാങ്ക് മാനേജർ രാജേഷ് പിള്ള, നബാർഡ് ജില്ലാ വികസന മാനേജർ അശോക് കുമാർ നായർ, കേരള ഗ്രാമീൺ ബാങ്ക് റീജണൽ മാനേജർ ശ്രീ. സതീഷ്, വട്ടവട ബ്രാഞ്ച് മാനേജർ, സൊ സൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, യൂണിറ്റ് രക്ഷാധികാരി ഫാ. തോമസ് കുളമാക്കൽ, സി. ആൻ മേരി എസ്.എച്ച്., പ്രോഗാം ഓഫീസർ സിബി മാളിയേക്കൽ, കോർഡിനേറ്റർ സിജോ സെബാസ്റ്റ്യൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ആദ്യഘട്ടത്തിൽ 6 സംഘങ്ങൾക്ക് വായ്പ നല്കുന്നതിന് തീരുമാനമായി.

### SS 68/18 ബ്രദേഴ്സിന് യാത്രയയപ്പ്

റീജൻസി കാലയളവിൽ സൊസൈറ്റിയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബ്രദർ എബിൻ നരിക്കുഴിയ്ക്കും, ബ്രദർ അജിത്ത് മടിയ്ക്കാങ്കലിനും 12-05-2018 ന് എച്ച്.ഡി.എസ്. ഡയറക്ടറും സ്റ്റാഫ് അംഗങ്ങളും ചേർന്ന് യാത്രയയപ്പ് നൽകി. അവരുടെ മുന്നോട്ടുള്ള പഠനങ്ങൾക്കും, പ്രവർത്തനങ്ങൾക്കും എല്ലാ ആശംസകളും നേരുന്നു.

## തിരുബാലസഖ്യം

### HC 8/18 ഏയ്ഞ്ചൽസ് മീറ്റ്

പൊന്തിഫിക്കൽ തിരുബാലസഖ്യത്തിന്റെ നേതൃത്വത്തിൽ മെയ് 15-ാം തീയതി വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഏയ്ഞ്ചൽസ് മീറ്റ് നടത്തപ്പെട്ടു. ഈ വർഷം ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നടത്തിയവർക്ക് ഹൃദ്യമായ മംഗളങ്ങൾ നേരുന്നതിനോടൊപ്പം ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത ഏവർക്കും പ്രത്യേക അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**HC 9/18** **ഹാർദ്ദമായ സ്വാഗതം**

പൊന്തിഫിക്കൽ തിരുബാലസഖ്യം ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ ബഹു. തോമസ് മേനാംതുണ്ടത്തിലച്ചന് തിരുബാലസഖ്യം രൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## കെ.സി.എസ്.എൽ.

**KCSL 16/18** **യാത്രാമംഗളങ്ങൾ**

കെ.സി.എസ്.എൽ. സംഘടനയുടെ അമരക്കാരനായി കഴിഞ്ഞ 2 വർഷങ്ങൾ കുഞ്ഞുങ്ങളുടെ രൂപീകരണത്തിനായി അനന്യതകളോടെ നിലകൊണ്ട് കരുത്തും കരുതലും ദൈവിക ചൈതന്യവും പകർന്ന പ്രിയപ്പെട്ട മാത്യു പുതുപ്പറമ്പിൽ അച്ചന് കെ.സി. എസ്.എൽ. കുടുംബത്തിന്റെ അകൈതവമായ നന്ദി. പുതിയ കർമ്മവീഥിയിൽ എല്ലാ വിജയാശംസകളും...

**KCSL 17/18** **സ്വാഗതം**

കെ.സി.എസ്.എൽ. സംഘടനയുടെ അമരക്കാരനായി ചുമതലയേറ്റ മാത്യു ഞവരക്കാട്ട് അച്ചന് കെ.സി.എസ്.എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം... പ്രാർത്ഥനാ നിർഭരമായ ആശംസകൾ...

**KCSL 18/18** **സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്**

വരാപ്പുഴ രൂപതയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 23 മുതൽ 26 വരെ മഞ്ഞുംമൽ ഒ.സി.ഡി. ധ്യാനകേന്ദ്രത്തിൽ വച്ചുനടന്ന സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിലും തിരഞ്ഞെടുപ്പിലും U.P., H.S., H.S.S. വിഭാഗങ്ങളിലായി നമ്മുടെ രൂപതയിൽനിന്ന് 31 കുട്ടികൾ പങ്കെടുത്തു. സഹകരിച്ച എല്ലാ ആനിമേറ്റേഴ്സിനും കുട്ടികൾക്കും പ്രത്യേകം നന്ദി.



**KCSL 19/18** **അഭിനന്ദനങ്ങൾ**

സംസ്ഥാന വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ ഹയർ സെക്കണ്ടറി വിഭാഗം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ എഡ്വിൻ സജി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുരിക്കാശ്ശേരി, യു.പി. വിഭാഗം സെക്രട്ടറി മാസ്റ്റർ ജെഫിൻ ജോസഫ് സെന്റ് ജറോംസ് യു.പി. സ്കൂൾ വെള്ളയാംകുടി എന്നിവർക്ക് രൂപതാ ഘടകത്തിന്റെ അഭിനന്ദനങ്ങൾ.

**KCSL 20/18** **രൂപതാ ആനിമേറ്റേഴ്സ് സംഗമവും വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

ജൂൺമാസം അവസാനവാരം രൂപതാ ആനിമേറ്റേഴ്സ് സംഗമവും വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഉള്ളതിനാൽ സ്കൂൾ ഭാരവാഹികളെ ജൂൺമാസം തന്നെ തിരഞ്ഞെടുക്കുമല്ലോ.

പുതിയ അദ്ധ്യയനവർഷത്തിൽ ഉണർവോടെ സംഘടനയെ നയിക്കാൻ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

## ചെറുപുഷ്പ മിഷൻലീഗ്

**CML 21/18** **പ്രവർത്തനവർഷ ഉദ്ഘാടനം, രൂപതാ കൗൺസിൽ, വാർഷികം, അവാർഡ് ദാനം**

സി.എം.എൽ. ഇടുക്കി രൂപതയുടെ 2018-19 പ്രവർത്തനവർഷ ഉദ്ഘാടനവും, രൂപതാ കൗൺസിലും, വാർഷികവും, അവാർഡ് ദാനവും, ജോയിന്റ് ഡയറക്ടേഴ്സ് മീറ്റും 2018 ജൂൺ മാസം 9-ാം തിയതി ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് H.S.S.-ൽ നടത്തപ്പെടുന്നു. എല്ലാ ശാഖാ, മേഖലാ ഭാരവാഹികളും പങ്കെടുക്കുമല്ലോ.

## CML 22/18 മേഖലാ കൗൺസിൽ തിരഞ്ഞെടുപ്പ്

സി.എം.എൽ. ഇടുക്കി രൂപതയുടെ കീഴിലുള്ള 11 മേഖലകളിലും ജൂൺ 16, 17 തീയതികളിൽ മേഖലാ കൗൺസിൽ വിളിച്ച് ചേർക്കുകയും അടുത്ത 2018-20 പ്രവർത്തന വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്യുമല്ലോ. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ ലിസ്റ്റ് ജൂൺ 25-നകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## CML 23/18 ശാഖാ തിരഞ്ഞെടുപ്പ്

ശാഖാ തിരഞ്ഞെടുപ്പ് ഇനിയും നടത്താത്ത ശാഖകളുണ്ടെങ്കിൽ ജൂൺ 3-ാം തീയതി തിരഞ്ഞെടുപ്പ് നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 24/18 Star - 2018

ഇടുക്കി രൂപതാ സി.എം.എൽ.-ന്റെ നേതൃത്വത്തിൽ കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിൽവച്ച് മെയ് 20, 21, 22 തീയതികളിലായി റിസോഴ്സ് പേഴ്സൺസ് ട്രെയിനിംഗ് ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിന് രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

# കെ.സി.വൈ.എം.

## KCYM 8/18 സ്നേഹപൂർവ്വം നന്ദി

കഴിഞ്ഞ 10 മാസക്കാലം കെ.സി.വൈ.എം. രൂപതാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. ജോസഫ് പാറക്കടവിലച്ചന് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

## KCYM 9/18 സ്വാഗതം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. മാത്യു ഞവരക്കാട്ടച്ചന് ഹൃദ്യമായ സ്വാഗതം.



## KCYM 10/18 ലഹരിവിരുദ്ധ വാഹനപ്രചരണയത്നം

ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 2018 മെയ് 21-ാം തീയതി കരിമ്പനിൽ നിന്നാരംഭിച്ച് ചെറുതോണി, തങ്കമണി, നെടുംകണ്ടം, ഇരട്ടയാർ തുടങ്ങിയ സ്ഥലങ്ങളിലൂടെ നയിക്കപ്പെട്ട് അടിമാലിയിൽ അവസാനിച്ച ലഹരിവിരുദ്ധ വാഹനപ്രചരണ ജാഥ രൂപതാ സമതിയുടെയും ഫൊറോനാ സമതിയുടെയും നേതൃത്വത്തിൽ ഭംഗിയായി നടന്നു. സഹകരിച്ച ഏവർക്കും നന്ദി.

# മദ്യവിരുദ്ധസമിതി

## MVS 3/18 ചെങ്ങന്നൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പ് ബഹുജന കൺവൻഷൻ

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ചെങ്ങന്നൂരിൽ ഇടത് സർക്കാരിന് എതിരായ വിധിയെഴുത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ആഹ്വാനം ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ മദ്യനിരോധനത്തിനായുള്ള ആത്മാർത്ഥമായ നടപടികൾ ഇടത് സർക്കാർ അട്ടിമറിച്ചതിൽ പ്രതിഷേധിച്ച് കൊണ്ടാണ് ഇത്തരമൊരു തുറന്ന നിലപാട് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എടുത്തത്. ചെങ്ങന്നൂരിൽ വ്യാപകമായ പ്രചാരണത്തിനാണ് കെ.സി.ബി.സി. ആഹ്വാനം ചെയ്തിരിക്കുന്നത്. മദ്യവിരുദ്ധ വിശാല സഖ്യത്തിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് കൺവൻഷൻ ചെങ്ങന്നൂരിൽ നടന്നു. അഞ്ഞൂറോളം പേർ പങ്കെടുത്ത യോഗത്തിൽ ഇടുക്കി രൂപതയിൽ നിന്നും 10 പേർ പങ്കെടുത്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാക്കൽ, ശ്രീ. റോജസ് എം. ജോർജ്ജ്, സി. ലീജാ എസ്.ഡി. തുടങ്ങിയവരാണ് നേതൃത്വം നൽകിയത്. തുടർന്ന് വരുന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും ഇത്തരം ശക്തവും വ്യക്തവുമായ രാഷ്ട്രീയ നയ തീരുമാനങ്ങളും, പ്രചരണങ്ങളും മദ്യവിരുദ്ധ സമിതി ഏറ്റെടുക്കും. മദ്യനിരോധനത്തെ

അനുകൂലിക്കുന്ന മുന്നണിയെ മാത്രമായിരിക്കും എല്ലാ തിരഞ്ഞെടുപ്പിലും എല്ലാ വിധത്തിലും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പിന്തുണയ്ക്കുക.

## മാതൃവേദി

**MV 25/18 ബൈബിൾ കൈയ്യെഴുത്ത് മത്സരം**

ഈ വർഷത്തെ വചനം എഴുത്തിന്റെ രജിസ്ട്രേഷൻ 2018 ജൂൺ 16-ാം തീയതി അവസാനിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ നടത്തുമ്പോൾ വയസ്സും കാറ്റഗറിയും കൃത്യമായി എഴുതുമല്ലോ. 40 വയസ്സിനു മുകളിൽ A കാറ്റഗറി. 40 വയസ്സിനു താഴെ B കാറ്റഗറി.

**MV 26/18 മോഡറേറ്റേഴ്സ് സംഗമം**

മാതൃവേദി മോഡറേറ്റർ സിസ്റ്റർമാരുടെ സംഗമം 2018 ജൂൺ 16-ാം തീയതി ബിഷപ്സ് ഹൗസിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. മോഡറേറ്റർ സിസ്റ്റർമാരും അതിൽ പങ്കെടുക്കുമല്ലോ.

10.00 am - വി. കുർബാന
11.00 am - മീറ്റിംഗ്
1.00 pm - ഉച്ചഭക്ഷണം

അന്നേദിവസം ബൈബിൾ എഴുത്ത് രജിസ്ട്രേഷൻ നടത്താൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

2018 പ്രവർത്തനവർഷത്തെ രൂപതാ വിഹിതം തരാത്തവർ അന്നേദിവസം തരുമല്ലോ. (500 ന് മുകളിൽ വീടുകൾ ഉള്ള പള്ളിയിൽ നിന്ന് 2000/-, 500-250 നും ഇടയിൽ വീടുകൾ ഉള്ള പള്ളിയിൽ നിന്ന് 1500/-, 250 ന് താഴെ 1000/-)



## D.C.M.S.

**DCMS 1/18 സ്നേഹപൂർവ്വം നന്ദി**

DCMS-ന്റെ രൂപതാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. കുര്യൻ പൊടിപാറയിലച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**DCMS 2/18 ഹൃദ്യമായ സ്വാഗതം**

DCMS ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് ചുനയംമാക്കൽ അച്ചന് ഹൃദ്യമായ സ്വാഗതം.

# ആത്മജ്യോതിയിലെ പരിപാടികൾ

**ജൂൺ 2018**

03 - 08 : എഫാത്ത ധ്യാനം
09 - 10 : തിയോളജി കോഴ്സ്
15 - 17 : വേദപാഠ അദ്ധ്യാപക പരിശീലനം
22 - 24 : വിവാഹ ഒരുക്ക ധ്യാനം



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2018**

01 ആയിരമേക്കറിൽ നടന്ന കരസ്മാറ്റിക് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി.

* മുളകുവള്ളി ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

02 ചെമ്പകപ്പാറ ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

03 റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം നല്കി.

* വാഴക്കുളം ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

05 തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സന്യാസാർത്ഥിനികൾക്ക് സഭാവസ്ത്രം നല്കി.

* തോപ്രാംകുടി സ്കൂൾ സിറ്റിയിലെ സ്റ്റേഷൻ പള്ളി കൂദാശ ചെയ്തു.

06 മാങ്കുളത്ത് പുതിയതായി നിർമ്മിച്ച പള്ളി മുറിയും സിമിത്തേരി ചാപ്പലും ആശീർവദിച്ച്, വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

07 കിളിയാർകണ്ടം ഇടവകയിൽ മ്ശംശാന ഡാരിസ് ഉഴുത്തിനാൽ മലയിലിന് തിരുപ്പട്ടം നല്കി.

08 മഞ്ഞപ്പാറ കർമ്മലീത്താ മഠം വെഞ്ചരിച്ചു.

* തോപ്രാംകുടി മരിയഗൊരേത്തി സ്കൂൾ വെഞ്ചരിച്ചു.

10 കൊരണ്ടിക്കാട് CMC മഠത്തിന്റെ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

12 മുരിക്കാശ്ശേരിയിൽ സ്നേഹഭവൻ അഗതിമന്ദിരം വെഞ്ചരിച്ചു.



* മുരിക്കാശ്ശേരി FCC പ്രൊവിഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

12 പൈനാവ് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

13 ജോസ്ഗിരി ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

* മേലേചെമ്മണ്ണാർ പള്ളി കൂദാശ ചെയ്തു.

14 നെല്ലിപ്പാറ ഇടവകയിൽ സിമിത്തേരി ചാപ്പൽ വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

15 വാഴത്തോപ്പിൽ നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

* ഇരട്ടയാറ്റിൽ നടന്ന ജോർദ്ദാനിയ പൊതു മാമ്മോദീസായിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

16 തോപ്രാംകുടിയിൽ നടന്ന വിൻസെന്റ് ഡി പോൾ വാർഷികം ഉദ്ഘാടനം ചെയ്തു.

17 അടിമാലി CMC പ്രൊവിഷ്യൽ ഹൗസിൽ നടന്ന സ്വീകരണ ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നല്കി.

* എല്ലക്കല്ല് തേക്കിൻകാനം കുരിശുപള്ളി വെഞ്ചരിച്ച്, വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

19 കനകക്കുന്ന് ഇടവകയിൽ മ്ശംശാന റ്റിബിൻ മണ്ണുശ്ശേരിക്ക് തിരുപ്പട്ടം നല്കി.

20 കൈലാസം ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

* മുരിക്കാശ്ശേരിയിൽ നടന്ന ജീസസ് യൂത്തിന്റെ 'സമാഗമം' എന്ന പരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 കാന്തല്ലൂർ CSN കോൺവെന്റിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത്, വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

24 മൂവാറ്റുപുഴയിൽ നടന്ന തിയോളജി സെമിനാറിൽ പങ്കെടുത്തു.

25 വാഴത്തോപ്പിൽ നടന്ന സൺഡേ സ്കൂൾ വാർഷിക കൺവൻഷനിൽ പങ്കെടുത്ത് സന്ദേശം നല്കുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

26 പൊൻമുടി ഇടവക ദൈവാലയത്തിന്റെ അൾത്താര കൂദാശ ചെയ്യുകയും ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

27 കടപ്ലാമറ്റം ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

28 പാറത്തോട് ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും തുടർന്ന് ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

* കുഞ്ചിത്തണ്ണി ഇടവകയിൽ നെല്ലിക്കാട് കുരിശുപള്ളി വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

29 മുരിക്കാശ്ശേരിയിൽ നടന്ന നടുവിലേക്കൂറ്റ് കുടുംബയോഗം ഉദ്ഘാടനം ചെയ്തു.

* നെടുങ്കണ്ടം ഇടവക കാര്യാലയവും സിമിത്തേരിയും വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

31 ചെറുതോണിയിൽ നടന്ന പൗരസ്വീകരണത്തിൽ പങ്കെടുത്തു.





# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**ജൂൺ 2018**

| | | |
|---|---|---|
| 01 | 10.30 am | പള്ളി വെഞ്ചരിപ്പ്, കൈലാസപ്പാറ |
| 02 | | വടവാതൂർ സെമിനാരി, കോട്ടയം |
| 05-07 | | KCBC |
| 08 | 11.00 am | Merit Day, വെള്ളയാംകുടി. |
| | 05.00 pm | വി. കുർബാന, പടമുഖം. |
| 09 | 10.00 am | CML Diocesan Conference |
| | 06.30 pm | മാർ എഫ്രേമിന്റെ തിരുനാൾ ആഘോഷം, മൈനർ സെമിനാരി |
| 10 | | വി. കുർബാന, കുണിഞ്ഞി |
| 11 | 07.30 am | ബെത്‌ലഹേം കാരിത്താസ് വാർഷികം, ഇടുക്കി |
| 12 | 07.00 am | വി. കുർബാന, കുന്നന്താനം |
| | 10.00 am | പ്രീസ്റ്റ് കോൺഫെറൻസ്, പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി |
| 13 | 10.30 am | തിരുനാൾ കുർബാന, കാമാക്ഷി |
| 14 | 01.30 pm | സ്കൂൾ, വെള്ളയാംകുടി |
| 16 | 02.00 pm | മഠം വെഞ്ചരിപ്പ്, തങ്കമണി |
| 17 | 09.45 am | വി. കുർബാന, മുരിക്കാശ്ശേരി |
| | 03.30 pm | വി. കുർബാന, ഇടവകദിനാഘോഷം, വെൺമണി |
| 19-21 | | Engaged |
| 22 | 06.30 am | വി. കുർബാന, കോഴിപ്പള്ളി |
| 23 | 06.30 am | വി. കുർബാന, രാമല്ലൂർ |
| | 10.30 am | വി. കുർബാന, കറുകുറ്റി |
| 24-26 | | ബാംഗ്ളൂർ |
| 28 | 04.30 pm | സ്പെഷ്യൽ സ്കൂൾ വെഞ്ചരിപ്പ്, വെള്ളയാംകുടി |
| 30 | 10.30 am | മഠം വെഞ്ചരിപ്പ്, വട്ടവട |

***